# ആതിര രാവിൽ

(പി. എസ്സ്. ആനന്ദൻ, II U. C.)

സഖികൾ ഖഗവൃന്ദ സന്നിഭം
സുഖമായ് ഡോളയിലാടിടും ക്ഷണം
സുഖചിന്തകൾ വിട്ടു ഞാൻ ഭുജാ–
ശിഖയിൽ വെന്തിടുമെന്തു സംഗതി!

ഹൃദയേശ, വിരക്തിമൂലമെൻ
ഹൃദയം വേരുനശിച്ച വൃക്ഷമായ്
കനകാഭയെഴുന്ന നിങ്ങളീ
വിരഹംതെല്ലു പൊറുപ്പതെങ്ങനെ.

വിരഹം വിഷവഹ്നിപോൽ മനം
കരിയും ചാമ്പലുമാക്കിടുന്നു ഹാ!
ഇതരേതരസക്തരിങ്ങനെ
ചരിതവ്യം, ഹതമൊക്കെയെൻ ഗതി!!

വിഷയസ്പൃഹയാലെ തോഴരെ
സഖികൾ മാടിവിളിക്കവെ സദാ.
മിഴിനീരു പൊഴിച്ചിടുന്നു ഞാൻ—
മരണംതന്നെ വരിക്കയുത്തമം.

സ്മൃതിധാരയസഹ്യമാക്കിയെൻ
കദനം; ഭൃതവിവിക്തലീലകൾ
മതിഹാരി മറന്നു; വേശ്യകൾ–
ക്കിണയായ് വന്നു ഭവിച്ചിരിക്കുമോ?

മിഴിരോഗി വിളക്കു കാൺകവെ
ഭുജഗേൽഗണന്നതുപോലെയെൻ മനം
മുകിലിൻമറവിൽ മറഞ്ഞെഴും
രവിപോൽ കാന്തികുറഞ്ഞിടുന്നു തേ.

അതിവിഹ്വലയാക്കിയെന്നെ നീ
പിശുനന്മാരുടെ വാക്കു കാരണം.
ചിരകാലമിയന്ന സൌഹൃദം
മതിയെന്നോ മതിയിൽ മനസ്വി, തേ.

തിരുവാതിര സുന്ദരീജനം
തിരുനാളാക്കവെയെൻ മനഃസ്ഥലി
ഉരുശോകമിയന്നു, നാഥനെ–
ത്തിരയാൻ തന്നെ മുതിർന്നിടുന്നിതേ.

# * മലനാട്ടിന്റെ മഹിമ

(ടി. അപ്പുക്കുട്ടൻ, III ബി. എ.)

പൂർവ്വികരാരാൽത്തീർത്തോരാചാര നെടുങ്കോട്ട
കീഴമർന്നതിൽ പുത്തൻ സരണീയുയിർക്കൊൾകേ—
പുത്തനാം പ്രചോദനപ്പൊൻചിറകടികളാ—
ലെത്തിനാൻ മലനാട്ടിൽ മോഹനവസന്തങ്ങൾ.
പച്ചക്കമ്പിളികളിൽ വാർദ്ധക്യത്തള്ളിച്ചയാൽ
സ്വച്ഛമായ് മരുവുന്നു സഹ്യനീ നാട്ടിൽ താതൻ.
തന്നോമൽക്കിടാവിന്റെ പിച്ചവെക്കലിൽ തല—
പൊക്കിനോക്കുന്നുണ്ടാഴി; നരയാൽ ചിരിക്കുന്നു.
കേരങ്ങൾ തലപൊക്കിനില്ക്കുന്നു പടയാളി
വീരന്മാർ മലയാളനാടിനെ കാവൽകാപ്പോർ.
കന്നിയാറൊഴുകുന്ന മാമലനാടെ നിന്നിൽ—
ക്കന്നികളുതിക്കുന്നുണ്ടത്രെ മേൽത്തുമുത്തുകൾ.
ആഞ്ഞടിക്കുന്ന നിന്നിൽ ഭാരതസംസ്കാരത്തിൻ
മാഞ്ഞിടാതൊളിമിന്നും പൂന്തെന്നലാമോദത്താൽ.
ഭാരതധരിത്രിതൻ കാഴ്ചബംഗ്ലാവാണിന്നു
പാരിന്റെ സൌഹാർദ്ദത്തിന്നുറവാണെൻ നാടേ നീ.
പഴശ്ശിരാജാവിന്റെ പടവാളിളക്കവും
പടനായകനായ കുഞ്ഞാലിതന്നോജസ്സും.
പഞ്ചമില്ലാതെ പാട്ടും തുഞ്ചന്റെ കിളിപ്പെണ്ണു—
മഞ്ചാതെ സംസ്കാരത്തെയേകിയതില്ലേ? പണ്ടേ.
പുഞ്ചിരി തൂകിനില്ക്കും ചെറുശ്ശേരിയും താള—
മഞ്ചാതെ ചവിട്ടിച്ച കുഞ്ചനുണ്ണായിയും.
സ്നേഹത്തെപ്പാടിപ്പാരിന്നാദർശം ചുരത്തിയ
''സ്നേഹഗായക''നാശാനുദ്ധതാശയനുള്ളൂർ.
മനുഷ്യത്വത്തെപ്പാടിപ്പുകഴ്ത്തിയമഷത്തിൻ—
കനത്തകല്ലേറുകൾ സഹിച്ചോരാണിന്നമ്മെ.
എൻ മലനാടെ നിന്റെ മക്കളാണവർ, നിന്നിൽ—
ക്കോൾമയിരുണ്ടാകേണ്ടേ ശ്രേഷ്ഠരാണവരമ്മെ.
സർവ്വജ്ഞപീഠം പൂകിയദ്വൈതം സംസ്ഥാപിച്ച
വൈദികാഗ്രണിയായ ശങ്കരാചാര്യൻ താനും.
ശാന്തിതൻ സന്ദേശങ്ങളുയർത്തിപ്പിടിച്ചേക—
ശാന്തിലോകത്തെക്കെട്ടിപ്പടുപ്പോരവരമ്മെ.
മറുനാട്ടിങ്കൽ ഭാരതാദർശം പരത്തുവോർ
മലനാട്ടിന്റെ മക്കൾ നിന്നോമൽക്കുമാരന്മാർ.
എൻമലനാടെ നിന്നിൽ മാബലി മഹാരാജാ
വുണ്മയിൽ നല്കീട്ടുണ്ടാം സമത്വം പണ്ടേ പണ്ടേ.
ജയിക്ക മലനാടെ! കേരളനാടെ ശ്രീയിൽ—
ലയിക്ക! സംസ്കാരത്തിൻ മണിദീപമായെന്നും.